**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2327** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ വിതരണത്തിൽ കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഹോട്ടലുകൾ ബ്ലാക്ക്‌ലിസ്റ്റ് ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭക്ഷ്യ സുരക്ഷാ വിഭാഗം നടത്തിയ പരിശോധനയിൽ ഗുരുതരമായ കുറ്റങ്ങൾ കണ്ടെത്തിയ ഹോട്ടലുകൾ എത്രയെന്ന് വ്യക്തമാക്കാമോ; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/ റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 15037 പരിശോധനകൾ നടത്തുകയും, 334 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ടി ഹോട്ടൽ പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 4397 സ്ഥാപനങ്ങൾക്ക് ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നോട്ടീസ് നൽകുകയും 2417 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,13,54,700/- രൂപ പിഴ തുക ചുമത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 319 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി താൽക്കാലികമായി അടച്ചിടുകയും സുരക്ഷിതമല്ലാത്ത ഭക്ഷണം വിൽപ്പന നടത്തിയ 33 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുമുണ്ട്. |
| (ബി) | ഇത്തരം ഹോട്ടലുകളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് പിഴയിനത്തിൽ ലഭിച്ചത്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/ റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 15037 പരിശോധനകൾ നടത്തുകയും, 334 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ടി ഹോട്ടൽ പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 4397 സ്ഥാപനങ്ങൾക്ക് ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നോട്ടീസ് നൽകുകയും 2417 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,13,54,700/- രൂപ പിഴ തുക ചുമത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 319 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി താൽക്കാലികമായി അടച്ചിടുകയും |

| | | | |
|---|---|---|---|
| | | | സുരക്ഷിതമല്ലാത്ത ഭക്ഷണം വിൽപ്പന നടത്തിയ 33 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുമുണ്ട്. |
| (സി) | ഗുരുതരമായ കുറ്റകൃത്യങ്ങൾ കണ്ടെത്തിയ ഹോട്ടലുകൾ വീണ്ടും തുറന്നു പ്രവർത്തിക്കാനുള്ള അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ഹോട്ടലുകൾക്കാണ് ഇത്തരത്തിൽ അനുമതി നൽകിയിട്ടുള്ളത്; | (സി) | ഭക്ഷ്യ സുരക്ഷാ വകുപ്പ് ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനകളിൽ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 319 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി താൽക്കാലികമായി അടച്ചിടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്ന് ന്യൂനതകൾ പരിഹരിച്ചതായി ഭക്ഷ്യ സംരംഭകർ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ തുടർ പരിശോധനകൾ നടത്തി ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം ഡെസിഗ്നേറ്റഡ് ഓഫീസർമാർ നിശ്ചയിച്ച പിഴ തുക ട്രഷറിയിൽ ഒടുക്കിയ ശേഷം 296 സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. |
| (ഡി) | ഭക്ഷ്യ വിതരണത്തിൽ ഗുരുതരമായ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്ന ഹോട്ടലുകൾ തുറന്ന് പ്രവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; ഇത്തരം ഹോട്ടലുകളുടെ ലൈസെൻസികളെ ബ്ലാക്ക് ലിസ്റ്റ് ചെയ്ത് ലൈസൻസ് നല്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സുരക്ഷിതമല്ലാത്ത ഭക്ഷണം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുകയാണ് നിയമപരമായി ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 33 ഹോട്ടലുകൾക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുകയും കേസുകൾ നടന്നു വരികയും ചെയ്യുന്നു. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരമാണ് നടപടികൾ സ്വീകരിയ്ക്കുന്നത്. സ്ഥിരമായി സുരക്ഷിതമല്ലാത്ത ഭക്ഷണം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ